**അടിയന്തരപ്രമേയം**

ടോംസ് കോളേജ് വിദ്യാർത്ഥി സമരം

മി. സ്പീക്കർ: തുടർ പഠനത്തിന് അവസരം അടിയന്തരമായി ലഭ്യമാക്കണമെന്നും തങ്ങളുടെ ഭാവി അപകടത്തിലാകുന്ന സാഹചര്യം ഉണ്ടാകരുതെന്നുമാവശ്യപ്പെട്ടുകൊണ്ടും കോട്ടയം മറ്റക്കര ടോംസ് കോളേജിലെ വിദ്യാർത്ഥികൾ 6 ദിവസമായി സെക്രട്ടേറിയറ്റ് നടയിൽ നടത്തിവരുന്ന സമരത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ച് നടപടികൾ സ്വീകരിക്കാത്തതുമൂലം വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകാൻ ഇടയുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യവും ഈ കാര്യത്തിന് പരിഹാരമുണ്ടാക്കാൻ കൈക്കൊള്ളേണ്ട നടപടികളും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. റോജി എം. ജോൺ, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം ഒ. രാജഗോപാൽ ചട്ടം 304 പ്രകാരം നേരത്തെ ഒരു സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്. അത് ഇന്ന് സബ്മിഷന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കുറെ മാസങ്ങളായി മറ്റക്കര ടോംസ് എഞ്ചിനീയറിംഗ് കോളേജിൽ നിരവധി പ്രശ്നങ്ങൾ നടന്നുവരികയായിരുന്നു. മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, കെമിക്കൽ എഞ്ചിനീയറിംഗ് എന്നീ 5 കോഴ്സുകളാണ് അവിടെയുള്ളത്. ഈ അഞ്ച് കോഴ്സുകളിലും 2 യൂണിവേഴ്സിറ്റികളിലെ കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്. S6 മുതലുള്ള കുട്ടികൾ എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലും അതുവരെയുള്ള കുട്ടികൾ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുമാണ് പഠിക്കുന്നത്. ഇവിടെ നിരവധി മാസങ്ങളായി വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിക്കുന്നുവെന്നും സൗകര്യങ്ങളില്ലായെന്നും അഭിപ്രായങ്ങൾ ഉയരുകയും ഒരു ഘട്ടത്തിൽ അത് വിദ്യാർത്ഥികളുടെ സമരമായി മാറുകയും ചെയ്തു. സമൂഹം ഏറെ ശ്രദ്ധിച്ചിട്ടുള്ള ഒരു സമരമായി അത് മാറി. പഠിക്കാൻ സൗകര്യമില്ല എന്നുള്ളതും പീഡിപ്പിക്കപ്പെടുന്നുവെന്നുള്ള ആശയങ്ങൾ പുറത്തുവന്നതോടുകൂടി 10.01.2017-ൽ ഇക്കാര്യം അന്വേഷിക്കണമെന്ന് ഞാൻ തന്നെ നേരിട്ട് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം കൊടുക്കുകയായിരുന്നു.

10.01.2017-ൽ അത്തരമൊരു നിർദ്ദേശം കൊടുത്തയുടനെതന്നെ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ രജിസ്ട്രാർ 13.01.2017-ൽ ടോംസ് കോളേജിൽ പോയി അവിടത്തെ പ്രശ്നങ്ങൾ കൃത്യമായി വിലയിരുത്തുകയും കുട്ടികളോടും മാതാപിതാക്കളോടും വിവരങ്ങൾ അന്വേഷിച്ച് പ്രശ്നങ്ങളെന്തൊക്കെയാണെന്ന് വിശദമായി പഠിക്കുകയും ചെയ്തു. അങ്ങനെ പഠിച്ച് ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഞാൻ ഓരോന്നും വിശദീകരിക്കുന്നില്ല. ആ റിപ്പോർട്ട് അനുസരിച്ച് നിരവധി പ്രശ്നങ്ങൾ ആ കോളേജിലുണ്ട്, പഠനാന്തരീക്ഷം കുറവാണെന്ന് വ്യക്തമായി. അതിന്റെ ഭാഗമായി ടെക്നോളജിക്കൽ യൂണിവേഴ്സിറ്റികൂടി ടോംസ് കോളേജിന് അടുത്ത വർഷത്തേയ്ക്ക്, 2017-2018-ലേയ്ക്ക് അഫിലിയേഷൻ നീട്ടേണ്ടതില്ലെന്നും നിലവിലുള്ള ക്ലാസ്സുകൾ സസ്പെന്റ് ചെയ്യണമെന്നും ഒരു നിർദ്ദേശം രൂപീകരിക്കുകയും, അത് തീരുമാനമെടുക്കുകയും കോളേജിനെ അറിയിക്കുകയും ചെയ്തു. അതേസമയംതന്നെ 07.02.2017-ൽ ഈ കാര്യങ്ങൾ സൂചിപ്പിച്ച്, 'Necessary steps may kindly be taken for withdrawing the approval of Toms College of Engineering, Mattakkara already issued by AICTE' എന്ന് രജിസ്ട്രാർ മെമ്പർ സെക്രട്ടറി എ.ഐ.സി.റ്റി.ഇ.-ക്ക് എഴുതിയ

കത്താണ്. കാരണം ഇവിടെയൊരു തീരുമാനമെടുത്തതിന്റെ അംഗീകാരം എ.ഐ.സി.റ്റി.ഇ.-യുടെ കൂടെ വേണമെന്നുള്ളതുകൊണ്ട് എ.ഐ.സി.റ്റി.ഇ.-ക്ക് അത്തരമൊരു കത്ത് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി അയയ്ക്കുകയാണ്. ഇതിനിടയിൽ ഈ കാര്യം പരിശോധിച്ചുകൊണ്ട് എ.ഐ.സി.റ്റി.ഇ. 21.02.2017-ൽ ടോംസ് കോളേജിന് ഒരു ഷോക്കോസ് നോട്ടീസ് നൽകിയിരുന്നു. രജിസ്ട്രാർ ചൂണ്ടിക്കാണിച്ച അന്വേഷണ റിപ്പോർട്ടിലെ പ്രശ്നങ്ങൾ എന്തൊക്കെയാണ്, എന്തുകൊണ്ടുണ്ടായി, അത് തുടരാതിരിക്കണമെന്നുള്ള വളരെ വിശദമായ ഒരു ഷോക്കോസ് നോട്ടീസാണ് എ.ഐ.സി.റ്റി.ഇ. 21.02.2017-ൽ ഈ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ടോംസ് കോളേജിലേയ്ക്ക് അയച്ചത്. 2017-2018-ലാണ് അഫിലിയേഷൻ കൊടുക്കേതില്ലെന്ന് തീരുമാനിച്ചത്. നിലവിലുള്ള കോഴ്സുകൾ സസ്പെന്റ് ചെയ്യും, യൂണിവേഴ്സിറ്റി പുറപ്പെടുവിച്ച ഉത്തരവിൽ, നിലവിലുള്ള കോഴ്സ് സസ്പെന്റ് ചെയ്യുന്നത് കോടതി നിരാകരിച്ചു. അതിനർത്ഥം നിലവിലുള്ള കോഴ്സ് അവിടെ തുടരുമെന്നുതന്നെയാണ്. ബഹുമാനപ്പെട്ട കോടതിയാണ് അത് നിഷേധിച്ചത്. അതുകൊണ്ട് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി കോഴ്സ് നടത്തരുതെന്ന് പറഞ്ഞത്, കോടതി കോഴ്സ് നടത്താനുള്ള അനുവാദം കൊടുത്തതോടുകൂടി ടോംസ്

കോളേജിൽ എം.ജി. യൂണിവേഴ്സിറ്റിയുടെയും ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെയും കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം നിലനിൽക്കുകയാണ്. ഈ സമയത്ത് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി 08.03.2017-ൽ വീണ്ടും എ.ഐ.സി.റ്റി.ഇ.-ക്ക് കത്തെഴുതുകയാണ്. അതെന്തിനാണ്? ഈ കുട്ടികൾക്ക് അവിടെ പഠിക്കാൻ സാഹചര്യമുണ്ട്. സാഹചര്യമുണ്ടെങ്കിലും അവിടെ വന്ന അഭിപ്രായങ്ങളും, രജിസ്ട്രാർ റിപ്പോർട്ടും, എ.ഐ.സി.റ്റി.ഇ.-യുടെ ഷോക്കോസ് നോട്ടീസും എല്ലാം വച്ചുനോക്കുമ്പോൾ അവിടെ പഠിക്കാനുള്ള സാഹചര്യം പലതും കുറവാണെന്നത് ഒരു വസ്തുത തന്നെയാണ്. അതുകൊണ്ട് അവിടെയുള്ള കുട്ടികളിൽ പലർക്കും അവിടെ പഠിക്കേണ്ട, ഞങ്ങൾക്ക് മറ്റൊരു കേളേജിൽ പഠിക്കണമെന്ന അഭിപ്രായം ഉരുത്തിരിഞ്ഞു. അങ്ങനെയെങ്കിൽ അവർക്ക് മറ്റ് കേളേജുകളിൽ പഠിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് യൂണിവേഴ്സിറ്റിയും സർക്കാരും ചേർന്ന് തീരുമാനിച്ചതനുസരിച്ച്, ആവശ്യമുള്ള കുട്ടികൾക്ക് മറ്റ് കോളേജിൽ പഠിക്കാം എന്നുള്ള തീരുമാനമുണ്ടായി. അങ്ങനെവരുമ്പോൾ ഒരു ചെറിയ പ്രശ്നമുണ്ട്. അതിനാണ് ഞാൻ കോഴ്സുകളുടെ പേര് പറഞ്ഞത്. യഥാർത്ഥത്തിൽ 5 കോഴ്സുകളുണ്ടെങ്കിലും കെമിക്കൽ എഞ്ചിനീയറിംഗ് എന്ന വിഷയം മാത്രം

കേരളത്തിൽ സ്വാശ്രയമേഖലയിൽ രണ്ട് കോളേജുകളിൽ മാത്രമേയുള്ളൂ. ഒന്ന്, അമൽജ്യോതി കേളേജ് കാഞ്ഞിരപ്പള്ളി, രണ്ട്, കൊച്ചിൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് വളാഞ്ചേരി. അവിടെയാണെങ്കിൽ ഏകദേശം സീറ്റുകളും filled ആണ്. പുതിയ കുട്ടികളെ ചേർക്കാൻ കഴിയില്ല. പക്ഷേ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് മറ്റ് പല കോളേജുകളിലും ഐ.എച്ച്.ആർ.ഡി. അടക്കമുള്ള കോളേജുകളിലും സീറ്റ് വേക്കൻസിയുള്ളതുകൊണ്ട് ഈ കുട്ടികൾക്ക് അവിടെ പഠനം തുടരുവാൻ പറ്റുമെങ്കിലും അവിടെ പഠിക്കേണ്ടെന്ന് തീരുമാനിച്ച കുട്ടികൾക്ക് ഓപ്ഷൻ നൽകിക്കൊണ്ട് മറ്റ് കോളേജുകളിലേയ്ക്ക് പഠിക്കാനുള്ള അവസരം കൊടുത്തു. അവർ പോയി. ഇപ്പോൾ അവരവിടെ പഠിക്കുകയാണ്. പക്ഷേ കെമിക്കൽ എഞ്ചിനീയറിംഗിനുമാത്രം മറ്റുകോളേജുകളിൽ സീറ്റില്ലാത്തുകൊണ്ട് അവർക്ക് മറ്റൊരു കോളേജിലേയ്ക്ക് ഉടനെ സീറ്റ് നൽകാൻ കഴിയില്ല. അതുകൊണ്ടാണ് 8-ാം തീയതി എ.ഐ.സി.റ്റി.ഇ.-ക്ക് കെ.റ്റി.യു. ഇങ്ങനെയൊരു കത്ത് എഴുതിയത്. “ It is necessary to find a solution in the interest of students. The only alternative is, sanction of additional

batch in Chemical Engineering at Amal Jyothi College. I request that an early decision in this regard may please be taken pending withdrawal of the approval.” ഇത് 8-ാം തീയതി ടെക്നോളജിക്കൽ സർവ്വകാലാശാല എ.ഐ.സി.റ്റി.ഇ.-ക്ക് നൽകിയ കത്താണ്. ഇതേസമയം അവിടെ ഇപ്പോഴും ആ കോളേജിൽതന്നെ പഠിച്ചിരുന്നവർ അവിടെ പഠിക്കുന്നുണ്ട്. മെക്കാനിക്കൽ എഞ്ചിനീയറിംഗിന് എം.ജി. യൂണിവേഴ്സിറ്റിയിലെ 24 കുട്ടികളും ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എസ്.2-ലെ 13 കുട്ടികളും പഠിച്ചുകൊണ്ടിരിക്കുന്നു. സിവിൽ എഞ്ചിനീയറിംഗിന് എം.ജി. യൂണിവേഴ്സിറ്റിയിലെ 21 കുട്ടികളും കെ.റ്റി.യു.-ന്റെ 10 കുട്ടികളും അവിടെ ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്നു. കമ്പ്യൂട്ടർ എഞ്ചിനീയറിംഗിന് 8 കുട്ടികൾ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പഠിച്ചുകൊണ്ടിരിക്കുന്നു. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന് 2 കുട്ടികൾ ഇപ്പോഴും ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പഠിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ കെമിക്കൽ എഞ്ചിനീയറിംഗിന്റെ കാര്യം അങ്ങനെയല്ല. കെമിക്കൽ എഞ്ചിനീയറിംഗിൽ എം. ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എസ്-6 കോഴ്സിൽ 24 കുട്ടികളുള്ളതിൽ 24 കുട്ടികളും ആ കോളേജിൽതന്നെ പഠിച്ചുകൊണ്ടിരിക്കുന്നു. എസ്.4-ൽ 51 കുട്ടികളുള്ളതിൽ 14

കുട്ടികളും ഇപ്പോഴും അവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. ഇന്നും അവിടെ ക്ലാസ് നടന്നുകൊണ്ടിരിക്കുന്നു. 51 കുട്ടികൾ എസ്.2-വിൽ ഉള്ളതിൽ 8 കുട്ടികളും അവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴും ക്ലാസ് നടക്കുന്നുണ്ട്. ബാക്കിയുള്ള കുട്ടികൾക്ക് മറ്റ് സീറ്റ് കൊടുക്കണം. മറ്റ് സീറ്റ് കൊടുക്കണമെങ്കിൽ എ.ഐ.സി.റ്റി.ഇ. മറ്റ് കോളേജുകളിൽ അഡീഷണൽ ബാച്ചിനുള്ള അംഗീകാരം നൽകണം. അതിനുവേണ്ടി ഒരു കത്ത് സർക്കാർ നേരിട്ട് എ.ഐ.സി.റ്റി.ഇ.-ക്ക് നൽകുകയുണ്ടായി. എ.ഐ.സി.റ്റി.ഇ.-യുടെ കത്ത് 19.01.2017-ന് സർക്കാരിന് അയച്ച്, 31.01.2017-ന് സർക്കാരിന് കിട്ടി. പക്ഷേ ആ കത്തിൽ പറയുന്നത്, " It has come to notice of the Council that a B.Tech student namely Jishnu Pranoy of Nehru Engineering College has committed suicide and violence created by students aftermath. The incidents of sexual harassment in Toms College of Engineering, Mattakkara, Kottayam may also be looked into. In this connection, Honourable HRM has decided to get report from State Government in this matter. In this view, you are requested to get the matter investigated and submit a report on the issue at the earliest to apprise the Honourable HRM accordingly" എന്നാണ്.

ഇതിന് സംസ്ഥാന സർക്കാർ ഈ മാസം 13-ാം തീയതി മറുപടി കൊടുത്തു. കാരണം നേരത്തെ സൂചിപ്പിച്ചതുപോലെ 'after investigation', രണ്ട് കോളേജിലെയും ഇൻവെസ്റ്റിഗേഷനശേഷം മറുപടി അയയ്ക്കാൻ പറഞ്ഞു. ഇതിനുള്ള മറുപടിയും സംസ്ഥാന സർക്കാർ എ.ഐ.സി.റ്റി.ഇ.-ക്ക് നൽകിയിട്ടുണ്ട്. ചുരുക്കത്തിൽ ഇപ്പോൾ പഠിക്കുന്ന കുട്ടികൾക്ക് ആ കോളേജിൽ പഠിക്കാൻ സൗകര്യമുണ്ടെങ്കിലും അവിടെ പഠിക്കുന്നില്ലെന്ന് തീരുമാനിച്ച കുട്ടികൾക്ക് പുറത്ത് പഠിക്കുന്നതിന് കെമിക്കൽ എഞ്ചിനീയറിംഗ് ഒഴികെ എല്ലാപേർക്കും സീറ്റ് നൽകിയിട്ടുണ്ട്. അതിനുള്ള അധികാരം സർവ്വകലാശാലയ്ക്കുണ്ട് എന്നുള്ളതുകൊണ്ട് സീറ്റ് നൽകി മാറ്റിക്കഴിഞ്ഞു. അവരവിടെ പഠിക്കുന്നു. ബാക്കി എ.ഐ.സി.റ്റി.ഇ. അംഗീകാരം നൽകിയാൽ ഈ കുട്ടികൾക്ക് മറ്റ് കോളേജുകളിൽ സീറ്റ് കൊടുക്കാം. ഇങ്ങനെ നിരവധി തവണ എ.ഐ.സി.റ്റി.ഇ.-യെ സമീപിച്ചു. ബഹുമാനപ്പെട്ട എം.പി.-മാരോട് ഈ കാര്യം ബോദ്ധ്യപ്പെടുത്തി. അവരും എ.ഐ.സി.റ്റി.ഇ.-യുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ തിങ്കളാഴ്ച, മിനിഞ്ഞാന്ന് ഇതിന്റെയെല്ലാം വെളിച്ചത്തിൽ എ.ഐ.സി.ടി.ഇ.-യുടെ ഒരു ഫുൾ ടീം ടോംസ് കോളേജിൽ വന്നു. അവർ ഇതെല്ലാം പരിശോധിച്ചു പോയിട്ടുണ്ട്. അവർ റിപ്പോർട്ട്

എ.ഐ.സി.ടി.ഇ.-ക്ക് കൊടുത്ത്, എ.ഐ.സി.ടി.ഇ. ചേർന്നിട്ടില്ല. ഇന്നോ നാളെയോ ചേരുമെന്നു അറിയുന്നു. ഈ ടീം ചെന്നതിന്റെ റിപ്പോർട്ട് അവിടെവച്ചാൽ എ.ഐ.സി.ടി.ഇ. അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ അഡീഷണൽ ബാച്ച് നമുക്ക് അനുവദിക്കുകയോ സീറ്റ് കൂട്ടുകയോ ചെയ്യാനുള്ള അനുവാദം തന്നുകഴിഞ്ഞാൽ ആ നിമിഷം ഈ കുട്ടികളെ അവിടേയ്ക്ക് മാറ്റാവുന്നതേയുള്ളൂ. അല്ലാത്തപക്ഷം ആ കുട്ടികൾക്ക് ഇപ്പോൾ തന്നെ പഠിക്കാനുള്ള അവസരവും കോഴ്സും ഈ കോളേജിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അപ്പോൾ രണ്ട് ഓപ്ഷനുണ്ട്. എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം കിട്ടിയാൽ മറ്റു കോളേജുകളിലേയ്ക്ക് പോകാം. എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം കിട്ടും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. എ.ഐ.സി.ടി.ഇ.-യിൽ ബഹുമാനപ്പെട്ട എം.പി.-മാരും മറ്റെല്ലാപേരും ചേർന്ന് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. എ.ഐ.സി.ടി.ഇ. വന്നിട്ടുണ്ട്. ഈ ഒരു സാഹചര്യത്തിൽ ഇത് ഒരു അടിയന്തര പ്രശ്നമായി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭിപ്രായമില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പ്രതിപക്ഷം ഈ വിഷയം നിയമസഭയിൽ ഒരു അടിയന്തരപ്രമേയമായി കൊണ്ടുവരുന്നത് സർക്കാരിനെ

പ്രതിക്കൂട്ടിൽ നിർത്തുവാനോ ഈ വിഷയത്തെ രാഷ്ട്രീയവൽക്കരിക്കുവാനോ ഉദ്ദേശിച്ചുകൊണ്ടല്ല. കഴിഞ്ഞ 7 ദിവസമായി ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന നൂറോളം വിദ്യാർത്ഥികൾ, അവരുടെ രക്ഷിതാക്കൾ ഉൾപ്പെടെ സെക്രട്ടേറിയറ്റിന്റെ പടിക്കൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ ലോണെടുത്ത് വലിയ ആഗ്രഹങ്ങൾ വച്ചുപുലർത്തിക്കൊണ്ട്, വലിയ സ്വപ്നങ്ങൾ നെയ്ത് കോളേജിൽ ചേർന്നവരാണ് അവർ. അവിടെ നേരിടേണ്ടി വരുന്ന തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ സാധാരണക്കാരായ ആ വിദ്യാർത്ഥികൾ ഇന്ന് സമരത്തിലിരിക്കുകയാണ് എന്ന സാഹചര്യം നിലനിൽക്കുകയാണ്. ഈ വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കുവാനാവശ്യമായ ക്രിയാത്മകമായ ഇടപെടലുകളും നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹംകൊണ്ട് മാത്രമാണ് ഈ അടിയന്തരപ്രമേയം ഞങ്ങൾ ഇവിടെ കൊണ്ടുവരുന്നത്.

മറ്റു വിഷയങ്ങളിലെന്നതുപോലെതന്നെ വിദ്യാഭ്യാസ രംഗത്തും കേരള സംസ്ഥാനം നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാണ്. ഞാനും ഒരു വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ (എൻ.എസ്.യു.ഐ.) ദേശീയ പ്രസിഡന്റ് എന്ന നിലയിൽ

പ്രവർത്തിച്ച കാലഘട്ടങ്ങളിൽ മറ്റു സംസ്ഥാനങ്ങളിലെ വിവിധ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും നിലനിൽക്കുന്ന വിദ്യാർത്ഥി പ്രശ്നങ്ങളിലൊക്കെ ഇടപെടാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇന്നലെ രാത്രി പതിനൊന്ന് മണിക്ക് സമരം ചെയ്യുന്ന ടോംസ് കോളേജിലെ വിദ്യാർത്ഥികളുമായി ഞാൻ സംസാരിച്ചു. അവർ ഈ കോളേജിൽ നടക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് പറഞ്ഞപ്പോൾ എനിക്കുതന്നെ വിശ്വസിക്കാൻ പ്രയാസമുണ്ടായി. മറ്റു സംസ്ഥാനങ്ങളിൽപ്പോലും നമ്മൾ കേട്ടുകേൾവി ഇല്ലാത്ത തരത്തിലുള്ള പ്രവണതകളാണ് ടോംസ് കോളേജിൽ നിലനിൽക്കുന്നതെന്നത് വളരെ ലജ്ജാവഹമാണ്. ഈ വിഷയങ്ങൾ സഭയിലെ അംഗങ്ങളും സർക്കാരും ഈ സംസ്ഥാനത്തെ സമൂഹവും മനസ്സിലാക്കണം എന്നുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനായി ആഗ്രഹിക്കുന്നത്.

ഈ കോളേജിൽ നിലനിൽക്കുന്ന ഒന്നുരണ്ട് കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. Fully residential college ആയിട്ടാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. തൊട്ടടുത്ത്, അതായത് ഒന്നോ രണ്ടോ കിലോമീറ്റർ ദൂരത്തിനുള്ളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കുപോലും സ്വന്തം വീടുകളിൽപോയി വരുവാനുള്ള സാഹചര്യമോ സ്വാതന്ത്ര്യമോ ഈ

കോളേജ് കൊടുത്തിട്ടില്ല. എല്ലാ വിദ്യാർത്ഥികളും ഹോസ്റ്റലിൽ നിൽക്കണം എന്ന നിർബന്ധമാണ് കോളേജ് മാനേജ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. രാവിലെ 5 മണിക്ക് എഴുന്നേറ്റ് 5 മണിമുതൽ 8 മണിവരെ ഹോസ്റ്റലിന്റെ മെസ്സ് ഹാളിൽ (മെസ്സ് ഹാൾതന്നെ സ്റ്റഡി ഹാളാക്കി മാറ്റിക്കൊണ്ട്) വിദ്യാർത്ഥികൾ എല്ലാവരും നിർബന്ധമായും വന്നിരിക്കണം. 8 മണിക്കു ശേഷം 9 മണിക്ക് കുട്ടികൾ ക്ലാസിൽ ഹാജരാകണം. 9 മണി മുതൽ വൈകുന്നേരം 5.30 വരെ ക്ലാസുകൾ തുടർന്നുകൊണ്ട് പോവുകയും 6 മണിക്ക് വീണ്ടും തിരിച്ചുവരുന്ന വിദ്യാർത്ഥികൾ ഇതേ സ്റ്റഡി ഹാളിൽവന്ന് 6 മണിമുതൽ രാത്രി 11 മണിവരെ ഇവിടെയിരുന്ന് പഠിക്കണമെന്ന നിർബന്ധമാണ് കോളേജ് മാനേജ്മെന്റ് വച്ചിരിക്കുന്നത്. മാത്രവുമല്ല സ്റ്റഡി ഹാളിൽ ഇരിക്കുന്ന സമയത്ത് അവർക്ക് അവരുടെ അസൈൻമെന്റുകളോ ഹോം വർക്കുകളോ ചെയ്യാനുള്ള സ്വാതന്ത്ര്യമില്ല. വിദ്യാർത്ഥികൾ റൂമുകളിലേയ്ക്ക് തിരിച്ചു പോയതിനുശേഷം, അതായത് 11 മണിക്ക് ശേഷം മാത്രമേ വിദ്യാർത്ഥികൾക്ക് അസൈൻമെന്റുകളും ഹോം വർക്കുകളും ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിനുശേഷം 2 മണിയോടുകൂടി മാത്രമേ ഓരോ വിദ്യാർത്ഥിക്കും ഉറങ്ങാനുള്ള സ്വാതന്ത്ര്യം പോലും ഈ കോളേജ് ഹോസ്റ്റലുകളിലുള്ളൂ. പിറ്റേ ദിവസം ക്ലാസുകളിൽ വരുമ്പോൾ

ഏതെങ്കിലും വിദ്യാർത്ഥി ക്ലാസിലിരുന്ന് ഒന്ന് മയങ്ങിപ്പോയാൽ അതിന്റെ പേരിൽ ആ വിദ്യാർത്ഥികൾക്കെതിരെ സ്വീകരിക്കുന്ന ശിക്ഷാ നടപടികൾ നമുക്ക് കേട്ടുകേൾവിയില്ലാത്തതാണ്. ആ കുട്ടികളെക്കൊണ്ട് ഹോസ്റ്റലിന്റെ ടോയ്‌ലെറ്റ് ക്ലീൻ ചെയ്യിപ്പിക്കുക, തലേദിവസം കഴിച്ച ഭക്ഷണത്തിന്റെ എച്ചിൽ കോരിക്കുക, 5 നിലകളുള്ള കെട്ടിടത്തിലെ 5 നിലയും പത്തും ഇരുപതും പ്രാവശ്യമൊക്കെ കയറിയിറങ്ങാനായി വിദ്യാർത്ഥികളെ നിർബന്ധിക്കുക തുടങ്ങിയ തരത്തിലുള്ള നടപടികളാണ് ഈ കോളേജിൽ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. മാത്രമല്ല, ഉറങ്ങി എന്നുപറഞ്ഞ് ഒരു വിദ്യാർത്ഥിയെ മെഡിക്കൽ കോളേജിലേയ്ക്ക് നിർബന്ധിച്ച് പറഞ്ഞയച്ച് ആ വിദ്യാർത്ഥി മയക്കുമരുന്നിന് അടിമയായിരുന്നില്ല എന്നുള്ള ചെക്കപ്പ് നടത്തി അത് സർട്ടിഫൈ ചെയ്യാനായി ഈ കോളേജ് അധികൃതർ ഒരു വിദ്യാർത്ഥിയെ പ്രേരിപ്പിച്ചു. അത് നിർബന്ധിച്ച് ചെയ്യിപ്പിച്ചു എന്നുള്ളതും വളരെ ലജ്ജാവഹമായ കാര്യമാണ്.

അസുഖം വന്നാൽ കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ പോകാനുള്ള സ്വാതന്ത്ര്യമില്ല. പ്രൈവറ്റ് ആശുപത്രികളിൽ മാത്രമേ പോകാൻ സാധിക്കുകയുള്ളൂ. ഒരു കുട്ടി ഓണത്തിന്റെ അവധി കഴിഞ്ഞ് രാവിലെ തിരിച്ചു

വന്നപ്പോൾ അര മണിക്കൂർ വൈകി. അതിന്റെ പേരിൽ ആ പെൺകുട്ടിയെ കോളേജിന് പുറത്ത് നിർത്തി. പിന്നീട് പെൺകുട്ടിയെ റൂമിലേയ്ക്ക് വിളിച്ചുവരുത്തി കാരണം ആരാഞ്ഞപ്പോൾ ആ കുട്ടി പറഞ്ഞത് എനിക്ക് അമ്മയില്ല. അച്ഛൻ മാത്രമേയുള്ളൂ എന്നും അതുകൊണ്ട് അച്ഛന് ഭക്ഷണം ഉണ്ടാക്കികൊടുത്തിട്ട് അച്ഛന്റെ കാര്യങ്ങൾ നിർവ്വഹിച്ചിട്ടാണ് എനിക്ക് വരേണ്ടി വന്നതെന്നും അതുകൊണ്ടാണ് വൈകിയത് എന്നുമാണ്. അത് പറഞ്ഞപ്പോൾ ആ കുട്ടിയെയും അച്ഛനേയും ചേർത്ത് വളരെ ലജ്ജാവഹമായ രീതിയിൽ, മോശമായ രീതിയിൽ ഈ കോളേജിന്റെ ചെയർമാൻ ആ കുട്ടിയോട് അപമര്യാദയായി പെരുമാറുകയും ആ കുട്ടി ഹോസ്റ്റലിൽ പോയി ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ചെയ്തു എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. റോജി എം. ജോൺ, അങ്ങയുടെ നോട്ടീസിൽ ഇക്കാര്യങ്ങളൊന്നുമല്ല ഉള്ളത്. പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറയുവാനുള്ളത്. അങ്ങ് തന്നെ നോട്ടീസിലെ കാര്യംകൂടി വിശദീകരിക്കണം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ അതിലേയ്ക്ക് തന്നെയാണ് വരുന്നത്. ഇത് സർക്കാരിനെയോ മറ്റാരെയെങ്കിലുമോ മോശമായി ചിത്രീകരിക്കുവാൻ പറയുന്നതല്ല. കേരളത്തിൽ കേട്ടുകേൾവി ഇല്ലാത്ത ഇത്തരം

വിഷയങ്ങൾ ഇവിടത്തെ പൊതുസമൂഹം അറിയണം. ഇത്തരത്തിലുള്ള സ്വാശ്രയ മാനേജ്മെന്റുകൾ സംസ്ഥാനത്ത് പ്രവർത്തനം നടത്തുന്നുണ്ടെന്നും അവരെ കയറൂരി വിടുന്ന നടപടികൾ നമ്മൾ സ്വീകരിക്കാൻ പാടില്ലെന്നും ഇവരെ നിലയ്ക്ക് നിർത്താനുള്ള ഉത്തരവാദിത്വം ഈ സംസ്ഥാനത്തെ സർക്കാരിനുണ്ട് എന്നതുകൊണ്ടുമാണ് ഇത്തരം വിഷയങ്ങൾ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

വെള്ളിയാഴ്ചകളിൽ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പള്ളിയിൽ പോകാനുള്ള സ്വാതന്ത്ര്യംപോലും ഈ കോളേജിൽ നൽകുന്നില്ല. ചില വിദ്യാർത്ഥികൾ ഈ അഭ്യർത്ഥനയുമായി ചെയർമാനെ ചെന്നുകണ്ടപ്പോൾ നിങ്ങൾ തീവ്രവാദികൾ ആകാനാണോ കോളേജിൽ വന്നിരിക്കുന്നത് എന്ന വളരെ ലജ്ജാകരമായ ചോദ്യമാണ് ചെയർമാൻ ആ വിദ്യാർത്ഥികളോട് ചോദിച്ചത്. ഇങ്ങനെ നിരവധി കാര്യങ്ങൾ ഈ കോളേജിൽ നടക്കുന്നുണ്ട്. ലജ്ജാകരമായ മറ്റൊരുകാര്യം, അവിടെ രാവിലെ ഏഴരയ്ക്ക് പെൺകുട്ടികൾക്ക് റിസപ്ഷൻ ഡ്യൂട്ടി എന്നു പറയുന്നൊരു പരിപാടിയുണ്ട്. രാവിലെ ഏഴരയ്ക്ക് കുട്ടികൾ ചെയർമാന്റെ റൂമിൽചെന്ന് ആ ദിവസത്തെ എല്ലാ പത്രങ്ങളും കയ്യിൽ വിരിച്ചുപിടിച്ച് നിൽക്കണം. ആ

പത്രങ്ങൾ നോക്കി അതിൽ ഇഷ്ടമുള്ളൊരു പത്രം ചെയർമാൻ എടുക്കും. അതെടുത്ത് വായിച്ചതിനുശേഷം അദ്ദേഹം ആ പത്രം തറയിലിടും. തറയിലിടുന്ന പത്രം പെൺകുട്ടികൾ കുനിഞ്ഞെടുത്ത് മേശപ്പുറത്ത് വയ്ക്കണം. രാവിലെ ചെയർമാന് ചായയും ഭക്ഷണവും കൊണ്ടുകൊടുക്കണം. ഇത്തരത്തിലുള്ള നടപടികളാണ് ഈ കോളേജിൽ നടന്നുകൊണ്ടിരിക്കുന്നത്. ....(ബഹളം).... ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തമ്മിൽ സംസാരിക്കുവാനുള്ള സ്വാതന്ത്ര്യമില്ല. അവർക്ക് ഫോൺ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമില്ല. ....(ബഹളം)....

<u>മി. സ്പീക്കർ</u>: സ്വാശ്രയ മാനേജ്മെന്റുകളെ കുറിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. പറയുന്നത്. അതൊരു വസ്തുതയാണ്. ആ വസ്തുത എല്ലാവരുംകൂടി ചേർന്ന് പരിഹരിക്കാനുള്ള കാര്യങ്ങൾ ആലോചിക്കുകയാണ് വേണ്ടത്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഈ വസ്തുതകൾ കേരള സമൂഹം മനസ്സിലാക്കണം എന്നതുകൊണ്ട് മാത്രമാണ് ഞാനിത് ഇവിടെ പറയുന്നത്. ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ സംസാരിക്കാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി കോളേജിലെ എൻ.എസ്.എസ്. യൂണിറ്റ് വരെ ഇല്ലാതാക്കി. ഈ കോളേജിൽ ഒരു പി.ടി.എ. ഇല്ല. കോളേജിന് ഒരു

പ്രിൻസിപ്പാളില്ല. എച്ച്.ഒ.ഡി. ഇല്ല. ഇത് സന്തോഷ് പണ്ഡിറ്റിന്റെ സിനിമ പോലെയാണ്. എല്ലാ കാര്യങ്ങളും ഈ ചെയർമാൻ തന്നെയാണ് ചെയ്യുന്നത്. എല്ലാ കോളേജുകളിലും വിദ്യാർത്ഥികളുടെ ഐ.ഡി. കാർഡ് ഇഷ്യൂ ചെയ്യുന്നത് കോളേജുകളിലെ പ്രിൻസിപ്പാളാണ്. പക്ഷേ ദൗർഭാഗ്യവശാൽ ഈ കോളേജിന്റെ ഐ.ഡി. കാർഡ് ഇഷ്യൂ ചെയ്യുന്നത് കോളേജിന്റെ ചെയർമാൻ തന്നെയാണ്. രാത്രി കോളേജിൽ പെൺകുട്ടികളുടെ ഹോസ്റ്റലിന് വാർഡനില്ല. കോളേജിന്റെ ഹോസ്റ്റലിന് വാർഡനായി പ്രവർത്തിക്കുന്നത് ഈ ചെയർമാൻ തന്നെയാണ്. രാത്രിയിൽ രണ്ടു മണിക്കും മൂന്ന് മണിക്കും ഈ ചെയർമാൻ പെൺകുട്ടികളുടെ ഹോസ്റ്റലിൽ കയറി ചെല്ലുകയും അവരെ വിളിച്ചുണർത്തി ചോദ്യം ചെയ്യുകയും ചെയ്യുന്ന രീതികളാണ് കോളേജിൽ നടന്നുകൊണ്ടിരിക്കുന്നത്. പറയുന്നതിൽ വിഷമമുണ്ട്. ഇദ്ദേഹത്തിനെതിരെ നിരവധി കേസുകൾ സംസ്ഥാനത്തെ രണ്ട് പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ ഈ കേസുകളിലൊന്നും നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കോളേജുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ന് 68 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. മാത്രമല്ല, ഈ ചെയർമാന് പോലീസ് പ്രൊട്ടക്ഷൻ കൊടുക്കുന്ന നടപടിയാണ് ഇന്ന് സ്വീകരിച്ചിരിക്കുന്നത്. അങ്ങ് പറഞ്ഞത്

ശരിയാണ്. കെ.ടി.യു. ഈ കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കി എന്നുള്ളത് ശരിയാണ്. പക്ഷേ കെ.ടി.യു. അഫിലിയേഷൻ റദ്ദാക്കിയപ്പോൾ വിദ്യാർത്ഥികൾക്ക് കൊടുത്തിരുന്ന ഒരു വാഗ്ദാനമുണ്ടായിരുന്നു. തുടർപഠനത്തിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുമെന്ന് കെ.ടി.യു.-വും ഈ സർക്കാരും അവരോട് പറഞ്ഞിരുന്നു. പക്ഷേ ആ വാഗ്ദാനം ഇതുവരെ നടപ്പാക്കപ്പെട്ടിട്ടില്ല. ഇത്രയധികം മാനസിക പീഡകൾ അനുഭവിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് എങ്ങനെയാണ് ആ കോളേജിൽ തുടർപഠനം നടത്താൻ സാധിക്കുക? ബഹുമാന്യനായ മന്ത്രി പറഞ്ഞത് ശരിയാണ്, നിരവധിയായിട്ടുള്ള കത്തുകൾ അങ്ങോട്ടുമിങ്ങോട്ടും അയച്ചിട്ടുണ്ട്, ഇത്തരം കത്തുകൾ അയച്ചതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കപ്പെടുകയില്ല. ഇത് വിദ്യാർത്ഥികളുടെ ഭാവിയുടെ പ്രശ്നമാണ്. നൂറിലധികം വരുന്ന വിദ്യാർത്ഥികൾ ഇത്തരത്തിൽ ഒരു സമരവുമായി സെക്രട്ടേറിയറ്റ് പടിക്കലിരിക്കുന്നു; അവർക്ക് രാഷ്ട്രീയമില്ല. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിലുംപെട്ട വിദ്യാർത്ഥികളല്ല അവർ. സാധാരണക്കാരായിട്ടുള്ള കുട്ടികളാണ്. ആ കുട്ടികളുടെ ഭാവി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മകമായിട്ടുള്ള നടപടികളാണ് നമുക്ക് വേണ്ടത്. ഒരു സർക്കാരിന്റെ കാര്യക്ഷമത എന്നുപറയുന്നത്, ഒരു ക്രൈസിസ് മാനേജ് ചെയ്യാൻ എങ്ങനെ കഴിയുന്നു എന്നതിനനുസരിച്ചാണ്. ഇവിടെ ലോ അക്കാദമിയിൽ പ്രശ്നമുണ്ടായി, ഒരു

കോളേജിലെ പ്രശ്നമാണ്. ഈ സർക്കാർ ആ പ്രശ്നം പരിഹരിക്കാൻ 29 ദിവസമെടുത്തു. ഒരു വിദ്യാർത്ഥി കയറെടുത്ത് മരത്തിനു മുകളിൽ കയറി ആത്മഹത്യാഭീഷണി മുഴക്കുന്ന അവസരം എത്തിയപ്പോഴാണ് സർക്കാർ ചർച്ചയ്ക്ക് തയ്യാറായതും ആ പ്രശ്നം പരിഹരിച്ചതും. ഞാൻ ജിഷ്ണു പ്രണോയിയെക്കുറിച്ച് ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്, വളരെ ഗുരുതരമായിട്ടുള്ള ആരോപണമാണ് ജിഷ്ണു പ്രണോയിയുടെ അമ്മ ഇന്നലെ ഉന്നയിച്ചത്. കേസ് അന്വേഷിക്കുന്ന പോലീസ് മാനേജ്മെന്റിന്റെ പണത്തിന് പിന്നാലെ പോകുകയാണെന്ന ആരോപണമാണ് ജിഷ്ണു പ്രണോയിയുടെ അമ്മ ഉന്നയിച്ചത്. മാത്രവുമല്ല, ആ കോളേജിന്റെ ഇടി മുറിയിൽ കണ്ട രക്തത്തിന്റെ ഗ്രൂപ്പും ജിഷ്ണു പ്രണോയിയുടെ രക്തഗ്രൂപ്പും ഒന്നു തന്നെയായിരുന്നു എന്ന റിപ്പോർട്ടുകളും ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. സ്വാശ്രയ മാനേജ്മെന്റുകൾ ഈ സംസ്ഥാനത്ത് ഇത്തരത്തിൽ അഴിഞ്ഞാടുവാനുള്ള എന്ത് സാഹചര്യമാണുണ്ടായിരിക്കുന്നത്? സ്വാശ്രയ മാനേജ്മെന്റുകളെ നിലയ്ക്കുനിർത്തുവാൻ സർക്കാർ ക്രിയാത്മകമായിട്ടുള്ള നടപടികൾ സ്വീകരിച്ചാൽ ഇത്തരത്തിലുള്ള സാഹചര്യങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുകയില്ല. ........ (ബഹളം)......... ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. ടി. വി. രാജേഷ്...... ഇരിക്കൂ. പ്ലീസ്.....

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പല വിദ്യാർത്ഥി സംഘടനകളും രാഷ്ട്രീയത്തിന് അതീതമായി ആ സമരപ്പന്തലിൽ വിദ്യാർത്ഥികളോട് ആഭിമുഖ്യം പ്രകടിപ്പിച്ചുകൊണ്ട് ഇന്ന് അവിടെയിരിക്കുന്നുണ്ട്. അവിടെയില്ലാത്ത ഏക വിദ്യാർത്ഥി പ്രസ്ഥാനം എസ്.എഫ്.ഐ.-യാണെന്നുള്ള കാര്യം നിങ്ങൾ മറന്നു പോകരുത്. ...........(ബഹളം).........

<u>മി. സ്പീക്കർ</u>: ശ്രീ. റോജി പറഞ്ഞ് അവസാനിപ്പിക്കൂ. പ്ലീസ്.....കൺക്ലൂഡ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്, ഈ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം, കെമിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് മറ്റ് കോളേജിൽ പോയി പഠിക്കാനുള്ള സാഹചര്യമുണ്ടാകണം. അവരുടെ സെമസ്റ്റർ നഷ്ടപ്പെടുന്ന സാഹചര്യമാണ് അവിടെയുള്ളത്. അവരുടെ സെമസ്റ്റർ നഷ്ടപ്പെട്ടാൽ അവരുടെ വർഷം നഷ്ടപ്പെടും. അവർ ഇയർ ഔട്ടാകുന്ന സാഹചര്യമുണ്ടാകും. വിദ്യാർത്ഥികളുടെ ഭാവി തുലാസ്സിലാകുകയാണ്. 76 ദിവസങ്ങളായി വിദ്യാർത്ഥികൾ തെരുവിലാണ്. 7 ദിവസമായി സെക്രട്ടേറിയറ്റ് പടിക്കൽ അവർ ഇരിക്കുകയാണ്. മറ്റൊരു ജിഷ്ണു പ്രണോയി ആ കോളേജിൽനിന്ന് ഉണ്ടായതിനുശേഷം മാത്രമേ ഈ വിഷയം പരിഹരിക്കുവാനായി സർക്കാർ

ഇടപെടുകയുള്ളൂ എന്ന നിലപാട് സ്വീകരിച്ചാൽ കേരളത്തിൽ മറ്റൊരു ആത്മഹത്യകൂടി കാണേണ്ടി വരുമോ എന്നുപോലും ഞങ്ങൾ സംശയിക്കുകയാണ്. ഇത്തരത്തിലുള്ള സാഹചര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അലംഭാവം നിലനിൽക്കുന്നത് ചൂണ്ടിക്കാണിച്ചുകൊണ്ട്, ഈ വിഷയം സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നും വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണമെന്നും ആവശ്യപ്പെട്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. ടി.വി. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ.. (ബഹളം).........ടോംസ് കോളേജുമായി ബന്ധപ്പെട്ട വിഷയം വളരെ ന്യായമായ വിഷയമാണ്. ബഹുമാന്യനായ അംഗം പറഞ്ഞ, 'എസ്.എഫ്.ഐ. ഈ സമരത്തിൽ നിന്നു മാറി നിൽക്കുന്നു' എന്ന കാര്യം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. അത് ശരിയല്ല, ടോംസ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് സൗകര്യമൊരുക്കാൻ ആദ്യം സമരം ചെയ്തത് എസ്.എഫ്.ഐ.യാണ്. ഈ വിഷയം ടേക്കപ്പ് ചെയ്തത് എസ്.എഫ്.ഐ.യാണ്. വസ്തുതാവിരുദ്ധമായ പരാമർശം രേഖയിലുണ്ടാകാൻ പാടില്ല. ........(ബഹളം).........

മി. സ്പീക്കർ: ഈ സഭയിലെ ഒരംഗം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കണം എന്നുപറയുമ്പോൾ ചെയറിന് അനുവാദം നൽകാൻ പാടില്ലേ? ഇത് തരക്കേടില്ലല്ലോ,

ഇത്രയും നെഗറ്റീവ് ആകരുത്, നിങ്ങളും പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാറില്ലേ? അദ്ദേഹം പറയുന്നത് കേൾക്കാൻ നിങ്ങൾ സമ്മതിച്ചില്ലല്ലോ. സഭ ഇങ്ങനെ നെഗറ്റീവായി കൊണ്ടുപോകരുത്. ശരിയല്ല ഇത്, നടപടിക്രമങ്ങളുടെ അകത്ത് നിന്നുകൊണ്ട് നിങ്ങൾക്കെല്ലാപേർക്കും വിമർശിക്കാനുള്ള സാഹചര്യങ്ങളുണ്ട്. ഇത് ആരായാലും ശരിയല്ല, ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടേ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ബഹുമാനപ്പെട്ട അംഗം ടോംസ് കോളേജിൽ നടന്നിരുന്ന നിരവധി പ്രശ്നങ്ങളെക്കുറിച്ച് വാചാലമായി സംസാരിച്ചു. ടോംസ് കോളേജ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതല്ല. ഈ കോളേജിൽ ഇത്തരത്തിൽ ........(ബഹളം)............

മി. സ്പീക്കർ: നിങ്ങൾ മന്ത്രിയെ സഹായിക്കണ്ട, മന്ത്രിക്ക് അത് പറയാനുള്ള സമയം കൊടുത്തിരിക്കുകയാണ്, അദ്ദേഹം പറഞ്ഞുകൊള്ളും.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അതുകൊണ്ട് ടോംസ് എഞ്ചിനീയറിംഗ് കോളേജിൽ അങ്ങ് പറഞ്ഞ പ്രശ്നങ്ങളൊക്കെയുണ്ടെന്ന് മനസ്സിലാക്കിയിട്ടാണ് സർക്കാർ അന്വേഷണം ഏർപ്പെടുത്തിയത്. അതുകൊണ്ടാണ് വിദ്യാർത്ഥി സമരം തുടങ്ങിയ ഉടൻതന്നെ അന്വേഷണം ഏർപ്പെടുത്തിയതും അന്വേഷണ റിപ്പോർട്ട് വാങ്ങിയതും തുടർന്ന് അഫിലിയേഷൻ പിൻവലിക്കാൻ സർവ്വകലാശാല

തീരുമാനിച്ചതും. എങ്ങനെയാണ് തെറ്റായ രീതിയിൽ അഫിലിയേഷൻ കിട്ടിയതെന്ന് അന്വേഷിക്കാൻ വിജിലൻസ് അന്വേഷണം ഏർപ്പെടുത്തിയതും സർക്കാരാണ്. എന്താണ് ഇതിനപ്പുറം വേണ്ടത്; ഏതു തരത്തിലും എന്ത് പ്രൊട്ടക്ഷൻ വേണമെങ്കിലും കൊടുക്കും. ഒരു കോളേജ് തെറ്റായി നടക്കുന്നു എന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മനസ്സിലായ ഉടൻതന്നെ വിജിലൻസ് അന്വേഷണമടക്കം, ഇനി ഒരു കോളേജിലും ഇത് ആവർത്തിക്കരുതെന്ന സന്ദേശം നൽകിക്കൊണ്ട് അന്വേഷണം ഏർപ്പെടുത്തിയ സർക്കാരാണിത്. ഒരു സംശയവും വേണ്ട. അതോടൊപ്പം ഇനി കുട്ടികളെ അവിടെ പീഡിപ്പിക്കാൻ അവസരമുണ്ടാകരുതെന്ന് കരുതിക്കൊണ്ടാണ് 2017-18-ശേഷം ആ കോളേജിന്റെ അഫിലിയേഷൻ പിൻവലിച്ചത്. അതാണ് ചെയ്യേണ്ടത്, അഫിലിയേഷൻ നേരത്തെ കൊടുത്തതാണ്. ആ അഫിലിയേഷൻ പിൻവലിച്ചു എന്നു മാത്രമല്ല, അഫിലിയേഷൻ അടക്കം എങ്ങനെ കൊടുത്തു എന്നത് അന്വേഷിക്കാൻകൂടി തീരുമാനിച്ചു. അതുപോലെ മറ്റ് ഏത് കോളേജിലും, സ്വാശ്രയ കോളേജുകളിലും ഇതുപോലെ അനുഭവം തുടർന്നുവരികയാണ്, അങ്ങനെ മൂന്നുനാല് അനുഭവങ്ങൾ ഉണ്ടായപ്പോൾ, ഇനി സ്വാശ്രയ കോളേജുകളിൽ ഇത്തരത്തിൽ അനുഭവം ആവർത്തിക്കരുത് എന്നുറപ്പാക്കാൻ വേണ്ടി, സ്വാശ്രയ കോളേജുകളെ എങ്ങനെ

നിയന്ത്രിക്കാമെന്ന് വളരെ കൃത്യമായ റിപ്പോർട്ട് തയ്യാറാക്കാൻ ജസ്റ്റിസ് ദിനേശൻ കമ്മീഷനെ അടക്കം നിശ്ചയിച്ച്, നേരത്തെ അങ്ങ് പറഞ്ഞ എല്ലാ കോളേജിന്റെയും കേരളത്തിലെ മുഴുവൻ സ്വാശ്രയ കോളേജുകളിലെയും പ്രശ്നം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആർക്കും സംശയം വേണ്ട. കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ ഇത്തരം പ്രശ്നങ്ങളുണ്ടെന്ന് നാളെ ആരും പറയാതിരിക്കുന്ന അവസരമുണ്ടാക്കും എന്ന കാര്യത്തിൽ അത്ര നിശ്ചയദാർഢ്യമാണ് സർക്കാരിനുള്ളത്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. സുനിൽകുമാർ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോൺ എൻ.എസ്.യു.-വിന്റെ പ്രസിഡന്റായിരുന്ന ആളാണ്. അദ്ദേഹമിവിടെ അവതരിപ്പിച്ച ഈ അടിയന്തിരപ്രമേയം, ഇതിനേക്കാൾ ശക്തമായി യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് അടിയന്തിരപ്രമേയമായി കൊണ്ടുവന്ന ആളാണ് ഞാൻ. ഇന്ന് റോജി എം. ജോൺ പറഞ്ഞ എല്ലാ കാര്യങ്ങളും ഇതേപോലെ ഉന്നയിച്ചപ്പോൾ, അവിടെ നടന്ന ലൈംഗിക പീഡനമടക്കമുള്ള, ടോംജോസ് നടത്തിയിട്ടുള്ള എല്ലാ കാര്യങ്ങളും അന്ന് നിയമസഭയിൽ എണ്ണിയെണ്ണി പറഞ്ഞിട്ടും ഒരു നടപടിയും അന്നത്തെ ഗവൺമെന്റ് എടുത്തില്ലെന്നു മാത്രമല്ല, ആ കോളേജിന് പുതിയ കോഴ്സ് കൊടുത്ത്, പുതിയ

അഫിലിയേഷൻ കൊടുത്ത് അവിടെ കുട്ടികളെ വ്യാജമായി പഠിപ്പിച്ച ഗവൺമെന്റാണ് നിങ്ങളുടെ ഗവൺമെന്റെന്ന കാര്യം മറന്നിട്ട് ഈ ഗവൺമെന്റിനെതിരായി നിങ്ങൾ സംസാരിക്കുമ്പോൾ അതിൽ ആത്മാർത്ഥത വേണം. എൻ.എസ്.യു.വിന്റെ നേതാവ് എന്നുപറയുമ്പോഴും നിങ്ങൾ ചെയ്തു കാര്യങ്ങൾകൂടി പറയണം, അതിനുകൂടി തയ്യാറാകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വഴങ്ങിയാൽ ശ്രീ. റോജി എം. ജോൺ സംസാരിക്കും, അദ്ദേഹം പറഞ്ഞാൽ മതി, നിങ്ങൾ കുറച്ചുപേർ എല്ലാ കാര്യത്തിനും എന്തിനാണ് ചാടി എഴുന്നേൽക്കുന്നത്. എനിക്ക് മനസ്സിലാകുന്നില്ല. മുൻനിരയിലിരിക്കുന്ന ആരും അങ്ങനെ ചെയ്യുന്നില്ലല്ലോ. ശ്രീ. റോജി എം. ജോൺ പറഞ്ഞുകൊള്ളും.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോൾ ഈ സാഹചര്യം നിലനിൽക്കുന്നു, അഫിലിയേഷൻ പിൻവലിച്ചിരിക്കുന്നു. വിജിലൻസ് അന്വേഷണം നടക്കുന്നു. ഇപ്പോഴും ഈ സാഹചര്യം നിലനിൽക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ അവിടുത്തെ കുട്ടികൾക്ക് പുറത്തു പഠിക്കണമെങ്കിൽ അതൊരുക്കാൻ സർക്കാർ തയ്യാറാണ്. മറ്റു കോളേജുകളിൽ കുട്ടികൾ പഠിക്കുന്നു. അവിടെ സീറ്റില്ല എന്ന ഒറ്റ കാരണം കൊണ്ടുമാത്രം കുട്ടികളെ മാറ്റാൻ കഴിയുന്നില്ല. അതിന് എ.ഐ.സി.റ്റി.ഇ.

അംഗീകാരം നൽകിക്കഴിഞ്ഞാൽ തീർച്ചയായും ആ കുട്ടികളെ മാറ്റും. പൂർണ്ണമായിട്ടും കുട്ടികൾക്കൊപ്പം, അവർ പഠിക്കുന്നതിനുവേണ്ടി ഈ സർക്കാർ നിലനിൽക്കുന്നു എന്നതിനാൽ ഈ പറയുന്ന അടിയന്തിരപ്രമേയം ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാന്യനായ മന്ത്രി പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. അദ്ദേഹം പറഞ്ഞ കോളേജിന്റെ അഫിലിയേഷൻ ക്യാൻസൽ ചെയ്തു എന്ന കാര്യം ശരിയാണ്. പക്ഷേ ഇവിടുത്തെ പ്രശ്നവും നമ്മൾ അടിയന്തിരപ്രമേയത്തിൽ ഉന്നയിച്ച കാര്യവും അതല്ല. നമ്മൾ ഉന്നയിച്ച കാര്യം നൂറിലധികം വരുന്ന വിദ്യാർത്ഥികൾക്ക് മറ്റു കോളേജുകളിൽ തുടർപഠനത്തിനുള്ള സാഹചര്യമൊരുക്കാൻവേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ്. കത്തയയ്ക്കുന്നതിൽനിന്നും വ്യത്യസ്തമായിട്ട് ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയെ എ.ഐ.സി.റ്റി.ഇ.യിൽ നേരിട്ട് അയച്ച് ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാനായി സർക്കാർ തയ്യാറാകുമോ? ഒരു കാര്യംകൂടി ബഹുമാന്യനായ കൃഷി മന്ത്രി സൂചിപ്പിച്ചു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണെന്ന്; 9 മാസമായല്ലോ നിങ്ങൾ അധികാരത്തിൽ വന്നിട്ട് എന്തു നടപടിയാണ് ഈ ടോംസിനെതിരെ സ്വീകരിക്കാനായിട്ട് നിങ്ങൾക്ക്

കഴിഞ്ഞത്. …….(ബഹളം)........

മി. സ്പീക്കർ: മന്ത്രി സംസാരിച്ച് അവസാനിപ്പിക്കട്ടേ. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സംസാരിക്കാം. ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ശ്രീ. റോജി എം. ജോൺ ചോദിച്ചതിന് ഞാൻ മറുപടി പറയാം........(ബഹളം)........ഇപ്പോൾ ചോദിച്ചതിന് മറുപടി....പറയുന്നത് കേൾക്കു....(ബഹളം).....എ.ഐ.സി.റ്റി.ഇ.-യ്ക്ക് കത്തെഴുതുക മാത്രമല്ല; ഞാൻ നേരത്തെ പറഞ്ഞപ്പോൾ സൂചിപ്പിച്ചു. കേരളത്തിലെ ബഹുമാനപ്പെട്ട എം.പി. മാരെ ബോധിപ്പിച്ച്, അവരോട് നേരിട്ട് എ.ഐ.സി.റ്റി.ഇ.-യിൽ പോയി പറയാനും അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ രണ്ട് തവണ എ.ഐ.സി.റ്റി.ഇ. ചെയർമാനെ നേരിട്ട് കണ്ട് ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്; കത്തയയ്ക്കൽ മാത്രമല്ല ചെയ്തത്. അതിന്റെ വെളിച്ചത്തിലാണ് എ.ഐ.സി.റ്റി.ഇ.-യുടെ ടീം മിനിഞ്ഞാന്ന് ഇവിടെ വന്നത്. എന്തുകൊണ്ടാണ് വന്നത്? ഇടപെട്ടതിന്റെ ഭാഗമായിട്ടാണ് എ.ഐ.സി.റ്റി.ഇ.യുടെ ടീം ഇവിടെ വന്നത്. എ.ഐ.സി.റ്റി.ഇ. എന്ത് റിപ്പോർട്ട് കൊടുത്തു എന്ന് എനിക്ക് അറിയില്ല. ആ റിപ്പോർട്ട് എ.ഐ.സി.റ്റി.ഇ. ചർച്ച ചെയ്യും.

ആ അർത്ഥത്തിലെടുക്കൂ. ഇത് നേരത്തെ പറഞ്ഞതുപോലെ രാഷ്ട്രീയ പ്രശ്നമല്ല, നമ്മുടെയെല്ലാം പ്രശ്നമാണ്. എ.ഐ.സി.റ്റി.യിൽനിന്ന് ഒരു തീരുമാനം വരികയേ വേണ്ടൂ. ആ തീരുമാനം വന്നുകഴിഞ്ഞാൽ അപ്പോൾ കുട്ടികളെ മാറ്റാം, ആരും അതിന് എതിരില്ല. കുട്ടികളെ പൂർണ്ണമായും മാറ്റാം. ഇനിയും ഏതെങ്കിലും കുട്ടികൾക്ക് അവിടെ നിന്ന് മാറണമെന്നുണ്ടെങ്കിൽ മറ്റ് സീറ്റുണ്ടെങ്കിൽ മാറ്റാൻ തയ്യാറാണ്. ഒരു പ്രശ്നവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്ലീസ്....പ്ലീസ്....ശ്രീ. ടി. വി. രാജേഷ്.... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ......പ്ലീസ്...പ്ലീസ്....അങ്ങ് സംസാരിക്കൂ....

(അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല. വിവാദപരമായ പ്രശ്നങ്ങളൊന്നും ഇതിനകത്തില്ല. സെക്രട്ടേറിയറ്റ് പടിക്കൽ കഴിഞ്ഞ ഒരാഴ്ചയായി സത്യാഗ്രഹം കിടക്കുന്ന കുട്ടികളുടെ പ്രശ്നമാണ് ശ്രീ. റോജി എം. ജോൺ ഗൗരവപൂർവ്വം ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി

നന്നായി മറുപടി പറഞ്ഞു. ഏതായാലും ശ്രീ. വി. എസ്. സുനിൽകുമാറിന്റെ സഹായംകൊണ്ട് ഇത്രയും കാര്യങ്ങൾ ഇവിടെ ഗംഭീരമായെന്ന് മാത്രമേയുള്ളൂ. അങ്ങയുടെ സഹായം വേണ്ടായിരുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രി നന്നായി മറുപടി പറയുകയായിരുന്നു. ഏതായാലും ഇങ്ങനെ സഹായിക്കാൻ സഹമന്ത്രിമാരുണ്ടെങ്കിൽ വലിയ കുഴപ്പമുണ്ടാവില്ല. ഇവിടെയുണ്ടായിരിക്കുന്നത് നൂറോളം വിദ്യാർത്ഥികളുടെ പ്രശ്നമാണ്. ഒരാഴ്ചയായി വിദ്യാർത്ഥികൾ സമരത്തിലാണ്. ടോംസ് കോളേജിനെപ്പറ്റി അദ്ദേഹം ഇവിടെ വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെ ഗൗരവപൂർവ്വം ഗവൺമെന്റ് കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. അവിടെ നടക്കുന്ന വിദ്യാർത്ഥി വിരുദ്ധ പ്രവർത്തനങ്ങൾ, പി.ടി.എ. ഇല്ലാത്ത പ്രവർത്തനങ്ങൾ, യാതൊരു നിയന്ത്രണവുമില്ലാത്തതായ കാര്യങ്ങൾ ഇതെല്ലാം ഗൗരവപൂർവ്വം പരിശോധിച്ചുകൊണ്ട് അതിന് ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ട ഒരു ഘട്ടത്തിലാണ് നമ്മൾ എത്തിനിൽക്കുന്നത്. അക്കാര്യത്തിൽ ആർക്കും സംശയമില്ല. കാരണം ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുമ്പോൾ അവർ സ്വീകരിക്കേണ്ട ചില മാനദണ്ഡങ്ങളും മര്യാദകളുമുണ്ട്; സാമൂഹ്യനീതിയുണ്ട്. അതെല്ലാം

ഇല്ലാതാക്കിക്കൊണ്ട് നടക്കുന്ന പ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യാൻവേണ്ടി ശക്തമായി വിദ്യാഭ്യാസ വകുപ്പും ഗവൺമെന്റും നടപടികൾ സ്വീകരിക്കണം എന്നുള്ള നിലയിലേയ്ക്കാണ് ഈ സംഭവങ്ങളെല്ലാം വിരൽചൂണ്ടുന്നത്. പ്രാഥമിക സൗകര്യങ്ങൾപോലും ഈ കോളേജിലില്ല. കോളേജിന്റെ അഫിലിയേഷൻ എ.ആ.സി.റ്റി.ഇ. റദ്ദാക്കുന്നു. മതിയായ സുരക്ഷാ സംവിധാനങ്ങളോ ലാബുകളോ യോഗ്യരായ അദ്ധ്യാപകരോ സൗകര്യമുള്ള ഹോസ്റ്റലോ ഇല്ലെന്ന് എ.ഐ.സി.റ്റി.ഇ.യുടെ പരിശോധനയിൽ കണ്ടു എന്നാണ് വാർത്തകൾ. കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കിയതിനെത്തുടർന്ന് കോളേജിലെ വിദ്യാർത്ഥികളെ വേറെ കോളേജിലേയ്ക്ക് മാറ്റിയെങ്കിലും കെമിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ കുരുക്കിലാണ്. യഥാർത്ഥ പ്രശ്നമെന്താണ്? കെമിക്കൽ എഞ്ചിനീയറിംഗിന് പഠിക്കുന്ന കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നില്ല. ഒന്നുകിൽ ഇപ്പോഴത്തെ നിയമങ്ങളിൽ അയവുവരുത്തി പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് ഈ കുട്ടികളെ ഗവൺമെന്റ് കോളേജിൽ പ്രവേശിപ്പിക്കണം. അവർക്ക് തുടർന്ന് പഠിക്കാനുള്ള അവസരമുണ്ടാകണം. അല്ലെങ്കിൽ അമൽ ജ്യോതി കോളേജിൽ പ്രത്യേകം ബാച്ച് അനുവദിച്ച് ഈ കുട്ടികളെ പഠിപ്പിക്കണം. ഈ വിദ്യാർത്ഥികൾക്ക് മറ്റ് കോളേജുകളിൽ അഡ്മിഷൻ ലഭിച്ചില്ല. സംസ്ഥാനത്തെ 5

കോളേജുകളിൽ മാത്രമേ കെമിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകളുള്ളൂ. അതിൽ രണ്ടെണ്ണം സർക്കാർ കോളേജും രണ്ടെണ്ണം സ്വാശ്രയ കോളേജുമാണ്. സർക്കാർ കോളേജുകളിൽ മെരിറ്റ് അടിസ്ഥാനത്തിലാണ് എന്നുള്ളതുകൊണ്ട് അവിടെ പ്രവേശനം നൽകാൻ കഴിയില്ലായെന്നാണ് ഗവൺമെന്റ് പറയുന്നത്. സ്വാശ്രയ കോളേജുകളിൽ വളാഞ്ചേരി, അമൽ ജ്യോതി എന്നിവിടങ്ങളിലാണ് കെമിക്കൽ എഞ്ചിനീയറിംഗ് പഠിപ്പിക്കുന്നത്. അതിൽ വളാഞ്ചേരിയിൽ വേണ്ടത്ര സൗകര്യങ്ങളില്ല. അമൽ ജ്യോതിയിൽ നൂറ് കുട്ടികളെ ഒന്നിച്ച് അക്കോമഡേറ്റ് ചെയ്യാൻ കഴിയില്ല. അതേസമയം ഈ നൂറ് കുട്ടികളുടെ ഭാവി അപകടത്തിലാകരുത്. പ്രശ്നം വളരെ ലളിതമാണ്. നൂറ് കെമിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുണ്ടായിരിക്കുന്ന ഒരു അനിശ്ചിതത്വം, അവരുടെ ഭാവിയെ സംബന്ധിച്ചിടത്തോളം അവരുടെ ആശങ്ക പരിഹരിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, എ.ഐ.സി.റ്റി.ഇ.യ്ക്ക് എഴുതിയിട്ടുണ്ട്, അവരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി സംസാരിച്ചുകൊണ്ട് എത്രയുംപെട്ടെന്ന് ഒരു പരിഹാരമുണ്ടാക്കി ഈ നൂറ് വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന്

മാത്രമാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി അത് ഗൗരവപൂർവ്വമെടുക്കാമെന്ന് പറഞ്ഞ സാഹചര്യത്തിൽ ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല. ഗവൺമെന്റ് ഇത് ഗൗരവമായി പരിശോധിക്കണം എന്ന് മാത്രമാണ് പറയാനുള്ളത്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഈ വിഷയത്തെ സംബന്ധിച്ച് ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്. വിശദമായ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല കാര്യങ്ങളൊക്കെ രണ്ടു ഭാഗത്തുനിന്നും പറഞ്ഞു കഴിഞ്ഞിരിക്കുന്നു. വളരെ ഗുരുതരമായിട്ടുള്ള കാര്യമാണ്. സർക്കാർ ഇപ്പോൾ അഫിലിയേഷൻ റദ്ദാക്കിയിരിക്കുന്നു എന്നത് നല്ല കാര്യമാണ്. പക്ഷെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഒരു വിദ്യാർത്ഥി സംഘടനയൊഴിച്ച് വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും മറ്റെല്ലാവരുംകൂടി ചേർന്ന് സെക്രട്ടേറിയറ്റിനുമുൻപിൽ 7 ദിവസമായി സമരം നടത്തുകയാണ്. അവരുടെ കുട്ടികളുടെ ഭാവിയാണ്. അവിടെ പഠിക്കാൻ സാധിക്കാത്ത സാഹചര്യമാണ്. ടോംസ് കോളേജിൽ പോകുന്ന പ്രശ്നമില്ലായെന്ന് എല്ലാവരും ഏകസ്വരത്തിൽ പറഞ്ഞിരിക്കുന്നു. നീതീകരിക്കാവുന്ന ഒരു നിലപാടാണത്. രണ്ട് ഓപ്ഷനാണുള്ളത്, ഗവൺമെന്റ് കോളേജിൽ ഒരു എക്സപ്ഷൻ നൽകി സ്പെഷ്യൽ കേസാക്കി താൽക്കാലികമായി ഈ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള അനുമതി

നൽകണം. അവിടത്തെ അഡ്മിഷൻ മെരിറ്റ് അടിസ്ഥാനത്തിൽ മാത്രമാണെന്ന് പറയുന്നത് ടെക്നിക്കലായിട്ടുള്ള വാദം മാത്രമാണ്. പക്ഷെ അതിന് എക്സപ്ഷൻ നൽകാൻ സാധിക്കും. ഇതൊരു അസാധാരണമായ സാഹചര്യമാണ്. അതിന് ശേഷം അടുത്ത വർഷം മുതൽ അമൽ ജ്യോതി കോളേജിലോ മറ്റ് കോളേജിലോ ഈ കോഴ്സ് തുടങ്ങാൻ ശ്രമിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ഒരു സ്പെഷ്യൽ എഫർട്ട് ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രമന്ത്രിയുമായി ബന്ധപ്പെട്ട് അർജന്റായി സ്വീകരിക്കുകയാണെങ്കിൽ ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കും. പരിശോധനയ്ക്ക് വന്നു. ഇതുപോലെ നൂറ് കണക്കിന് കോളേജുകളിൽ പരിശോധനയ്ക്ക് വേണ്ടി പോകുന്ന സാഹചര്യം നമുക്കറിയാം. ഇത്തരത്തിൽ ആറേഴ് മാസമായി കുട്ടികളുടെ പഠിപ്പ് മുടക്കി നിൽക്കുന്ന സാഹചര്യത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്ക പരിഗണിച്ചുകൊണ്ട് ഒരു സ്പെഷ്യൽ എഫർട്ടുവഴി ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുമായി നേരിട്ട് ബന്ധപ്പെട്ട് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ വ്യക്തിപരമായും അദ്ദേഹത്തിന്റെ സ്ഥാനത്തെ അങ്ങേയറ്റം ബഹുമാനിക്കുന്നതുമായ ഒരാളാണ്. ഞാൻ

അദ്ദേഹത്തിനെതിരെ സംസാരിക്കുന്നതല്ല. പക്ഷേ, കൃഷിമന്ത്രി ഇതിൽ ഇടപെട്ട് കുളമാക്കി എന്നു പറഞ്ഞതുകൊണ്ടുമാത്രം പറയുകയാണ്. .... (ബഹളം)....പറഞ്ഞിട്ടില്ലെങ്കിൽ ....ഞാൻ പറഞ്ഞോട്ടെ.... ഞാൻ ഈ നിയമസഭയിൽ അംഗമായിരിക്കുന്ന സമയത്ത് രണ്ടു തവണ സബ്മിഷനും ഒരു തവണ അടിയന്തരപ്രമേയവും കൊണ്ടുവന്ന ആ പ്രമേയത്തിന്റെ കാര്യം ശ്രീ. റോജി എം. ജോൺ പറഞ്ഞപ്പോൾ, ഈ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തി രാഷ്ട്രീയമായി സംസാരിച്ചപ്പോഴാണ് ഉത്തരവാദിത്തമുള്ള മന്ത്രിസഭയിലെ അംഗമെന്നുള്ള നിലയിൽ അന്നുണ്ടായ കാര്യം ഇവിടെ വെളിപ്പെടുത്താൻ ബാദ്ധ്യസ്ഥതയുണ്ട്. അതുകൊണ്ടുമാത്രമാണ് അന്ന് ഇതേ വിഷയങ്ങളുണ്ടായിട്ടും അന്നത്തെ ഗവൺമെന്റ് അവർക്കെതിരെ നടപടി സ്വീകരിക്കുകയോ അഫിലിയേഷൻ റദ്ദാക്കുകയോ ചെയ്യുതിനുപകരം അവർക്ക് പുതിയ കോഴ്സ് കൊടുത്ത് നിങ്ങളാണ് പ്രതിസന്ധിയുണ്ടാക്കിയതെന്ന് സൂചിപ്പിച്ചത്. എങ്ങനെയാണ് ഇടപെട്ട് കുളമാക്കലാകുന്നത്? അതുകൊണ്ട് ഇത് ശരിയായ നടപടിയല്ല. മന്ത്രിസഭയിലെ ഒരു അംഗമെന്ന നിലയിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാനുള്ള ബാദ്ധ്യത മാത്രമാണ് ഞാൻ നിർവ്വഹിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിഷമം

വിചാരിക്കേണ്ട കാര്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഇതുവരെ ചെയ്തതെല്ലാം പോസിറ്റീവായി, കുട്ടികൾക്ക് വേണ്ടിതന്നെയാണ് നിലകൊണ്ടിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട ശ്രീ. ഒ. രാജഗോപാലും അഭ്യർത്ഥിച്ചതനുസരിച്ച് തീർച്ചയായും കേന്ദ്ര വിദ്യാഭ്യാസ വകുപ്പു മന്ത്രിയുമായും, ആരുമായിട്ടും നേരിട്ട് ചർച്ച ചെയ്യുകയും ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.